പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1746 05.12.2014 ലെ മറുപടിയ്ക്ക്

## മിഷൻ 676 കൃഷി വകുപ്പ്

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. എ. റ്റി. ജോർജ്

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) മിഷൻ 676 വഴി എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എ) മിഷൻ 676 വഴി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| | **പതാകനൗക (ഫ്ളാഗ് ഷിപ്പ്) പദ്ധതികൾ** |
| 1. | പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത |
| 2. | കേരസമൃദ്ധി |
| | **മറ്റ് പ്രധാന പദ്ധതികൾ** |
| 1. | നീര ഉല്പാദനം |
| 2. | മേഖല കൃഷി ഡയറക്ടറേറ്റ് |
| 3. | വിള ആരോഗ്യ പരിപാലനം |
| 4. | കീടരോഗ നിരീക്ഷണം |
| 5. | എല്ലാ കർഷക ഭവനങ്ങളിലും പോഷക തോട്ടങ്ങൾ |
| 6. | കർഷക ഉല്പാദക സംഘങ്ങളും കാർഷിക മാളും |
| 7. | നിറവ് പദ്ധതി |
| 8. | ലീഡ്സ് (LEADS) പദ്ധതി |
| 9. | കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം |
| 10. | ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി |

| | |
|---|---|
| 11. | വിദ്യാലയങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് |
| 12. | അഗ്രോ സർവ്വീസ് സെന്ററുകൾ |
| 13. | ജൈവകൃഷി പ്രോത്സാഹനം |
| 14. | ഓർഗാനിക് സർട്ടിഫിക്കേഷൻ |
| 15. | ഗുണമേന്മാ പരിശോധനാ സംവിധാനം |
| 16. | തൃശ്ശൂരിൽ അഗ്രോ കോംപ്ലക്സ് നിർമ്മാണം |
| 17. | പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം |

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ബി)** പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വികരിച്ചിട്ടുണ്ട് ;

**(ബി)** തുടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നല്കി കഴിഞ്ഞു. പദ്ധതി നിർവ്വഹണം നടന്നു വരുന്നു. പുതിയ പദ്ധതികൾക്കുള്ള ഭരണാനുമതിയും നല്കിയിട്ടുണ്ട്. പച്ചക്കറി-പുഷ്പ കൃഷിയ്ക്കായുള്ള മികവിന്റെ കേന്ദ്രം എന്ന പദ്ധതിയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ആസ്ഥാനമാക്കി ഉത്തരമേഖലാ കൃഷി ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണം പുരോഗമിച്ച് വരുന്നു. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി Small Farmers Agri Business Consortium (SFAC)ആണ്.

**(സി)** മിഷൻ 676 ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിനും കർഷകക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**(സി)** തുടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നല്കി കഴിഞ്ഞു. 2014-15 പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള ഭൂരിഭാഗം പദ്ധതികളും 2015 മാർച്ചോടു കൂടി നിർവ്വഹണം പൂർത്തിയാക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 9.195 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന് 2.45 കോടി രൂപയുടെ ഒരു പദ്ധതി പരിഗണനയിലാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജന പ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവത്കരണ ക്യാമ്പയിനുകൾ നടന്നു വരുന്നു. ദീർഘകാല പദ്ധതികളായ കേരസമൃദ്ധി, നീര ഉല്പാദനം, തൃശ്ശൂരിലെ അഗ്രികോംപ്ലക്സ്, കാർഷിക മാൾ എന്നിവ 2015-16 സാമ്പത്തിക

വർഷത്തിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.
മേഖല കൃഷി ഡയറക്ടറേറ്റ്, 'നിറവ്' എന്നീ
പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച
നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

**പതാകനൗക (ഫ്ളാഗ് ഷിപ്പ്) പദ്ധതികൾ**

1. പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത

കേരളത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2014-15 സാമ്പത്തിക വർഷത്തിൽ 70 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പരമ്പരാഗത പച്ചക്കറി കൃഷിക്കാർക്കു പുറമേ വീട്ടമ്മമാർ, വിദ്യാർത്ഥികൾ, സ്വകാര്യ-സർക്കാർ സ്ഥാപനങ്ങൾ, ഗവൺമെന്റിതര സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, മാദ്ധ്യമങ്ങൾ തുടങ്ങിയ സമൂഹത്തിലെ വിവിധ ശ്രേണിയിലുള്ള ആൾക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ജനകീയ പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. 2015-16 -ൽ 8.69 ലക്ഷം ടൺ അധിക ഉല്പാദനം കൈവരിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

2. കേര സമൃദ്ധി

തെങ്ങ് കൃഷി മേഖലയിൽ പ്രത്യേകിച്ച് വിളവെടുപ്പ് കാലത്ത് നേരിടുന്ന രൂക്ഷമായ തൊഴിലാളിക്ഷാമമാണ് കേരകർഷകർ ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി. സസ്യ സംരക്ഷണ പ്രവർത്തനങ്ങളേയും വിളവെടുപ്പിനേയും ഇത് സാരമായി ബാധിച്ചിട്ടുണ്ട്. കുറിയ ഇനം തെങ്ങുകളും സങ്കരയിനം തെങ്ങുകളും സംസ്ഥാനത്ത് പ്രചരിപ്പിക്കുക വഴി ഈ പ്രശ്നത്തിന് നല്ലൊരു പരിധി വരെ പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരം തെങ്ങിൻ തൈകൾ സംസ്ഥാനത്താകെ വിതരണം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്ക് 2013 നവംബർ 1 – ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തുടക്കം കുറിച്ചു. പദ്ധതി പ്രകാരം തിരഞ്ഞെടുത്ത കുറിയ ഇനം തെങ്ങുകളിൽ നിന്നും വിത്തുതേങ്ങ സംഭരിക്കൽ, സങ്കരണം എന്നിവ നടന്നുവരുന്നു. 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് അധികമായി 10 ലക്ഷം കുറിയ, സങ്കരയിനം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

മറ്റ് പദ്ധതികളെല്ലാം തന്നെ കേരളത്തിലെ പ്രധാന വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, ഉല്പന്ന വൈവിദ്ധ്യത്തിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. വിവിധ തുടർ പദ്ധതികൾ കൂടാതെ മേഖലാ ഡയറക്ടറേറ്റുകൾ സ്ഥാപിക്കുക വഴിയും ലീഡ്സ് പദ്ധതി നടപ്പിലാക്കുക വഴിയും കാർഷിക വിജ്ഞാന വ്യാപനവും പദ്ധതി നിർവ്വഹണവും ഏകോപനവും ഊർജ്ജിതവും കൂടുതൽ ഫലപ്രദവുമാകുന്നതാണ്.

സെക്ഷൻ ഓഫീസർ